# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെള്ളിനേഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ (പി.കെ.ഡി) പി 12 -1479/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 18/10/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളിനേഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ (പി.കെ.ഡി) പി 12 -1479/23 തീയ്യതി: 18/10/2023

## പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-01-2023 മുതൽ 04-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാം മനോഹർ വി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 05-08-2023 | 16-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-08-2023 | 16-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ബിജു ആന്റണി.യു. ഓഡിറ്റ് ഓഫീസർ

ശ്രീമതി രാജിഷ.ആർ. സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ഷെഹീർ.എസ്.സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ കന്തസ്വാമി.ഐ. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. കെ ജയലക്ഷ്മി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. കെ അജിത | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ജീതു കെ ജോസഫ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. രാമൻകുട്ടി വി | ഹെഡ് മാസ്റ്റർ | 01-04-2022 | 30-04-2022 |
| ശ്രീമതി. ജയശ്രീ കെ പി | ഹെഡ് മിസ്ട്രസ് | 01-05-2022 | 30-06-2022 |
| ശ്രീമതി. സുജാത കെ എ | ഹെഡ് മിസ്ട്രസ് | 01-07-2022 | 31-03-2023 |
| ശ്രീമതി. ടെൽമ പി പി | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ശ്രീ. ഷിബു എ ആർ | കൃഷി ഓഫീസർ | 01-04-2022 | 08-08-2022 |
| ശ്രീമതി. സുനിത പി | കൃഷി ഓഫീസർ | 09-08-2022 | 31-03-2023 |
| ഡോ. കൃഷ്ണകുമാർ എച്ച് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 15-06-2022 |
| ഡോ. ശഹാന ചെള്ളി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 16-06-2022 | 15-02-2023 |
| ഡോ. സെമീർ ബാബു | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 16-02-2023 | 31-03-2023 |
| ഡോ. ഇബ്രാഹിം ഷിബിൽ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| ശ്രീമതി. ധന്യ കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി വിദ്യ.എ.കെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 28-05-2022 |
| ശ്രീമതി സിതാര.പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 29-05-2022 | 27-07-2022 |
| ശ്രീ ജയകുമാർ.കെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 28-07-2022 | 31-03-2023 |
| ഡോ. ഷിബു.കെ.ജേക്കബ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-2 |
| 4 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനത | 1-1-3 |
| 5 | ഡിപ്രീസിയേഷൻ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-1-4 |
| 6 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല | 1-1-5 |
| 7 | ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രൂവൽ ചെയ്യുന്നില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | വസ്തു നികുതി പരിഷ്കരണം - അവലോകനം | 1-11 |
| 18 | വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ഈടാക്കുവാനുള്ള സാധ്യത പഞ്ചായത്ത് പരിശോധിച്ചിട്ടില്ല | 1-11-1 |
| 19 | കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സർവ്വീസ് ചാർജ് ഈടാക്കുന്നില്ല | 1-11-2 |
| 20 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ - അർഹത പുന:പരിശോധിക്കേണ്ടതാണ് | 1-11-3 |
| 21 | വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികതി കുറവായി നിർണ്ണയിച്ചിരിക്കുന്നു | 1-11-4 |
| 22 | ഒരേ ഉപയോഗക്രമമുള്ള വാണിജ്യ കെട്ടിടങ്ങളെ വിഭജിച്ച് കെട്ടിട നമ്പർ നൽകുന്നത് - ബാധകമായ ഉയർന്ന നിരക്കിൽ വസ്തു നികതി ഈടാക്കുന്നില്ല | 1-11-5 |
| 23 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ | 1-12 |
| 24 | മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത അപേക്ഷകൾക്ക് ലൈസൻസ് | 1-12-1 |

| | | |
|---|---|---|
| | അനുവദിച്ചു. | |
| 25 | വർഷങ്ങളായി തുടരുന്ന പല സ്ഥാപനങ്ങളിലും കാലികമായ വർദ്ധനവ് വരുത്താതെ പഴയ ഫീസ് തുടർന്നും സ്വീകരിച്ചിരിക്കുന്നു | 1-12-2 |
| 26 | പട്ടിക്കാംതൊടി രാവുണ്ണി മേനോൻ സ്മാരക നിർമ്മാണം -ജില്ലാ പഞ്ചായത്തിലേക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല | 1-13 |
| 27 | തെരുവുവിളക്ക് റിപ്പയർ/സ്ഥാപിക്കൽ -ഒരേ ദിവസത്തെ ബില്ലുകളിൽ 9വാട്ട് LED ബൾബിന് വ്യത്യസ്ത നിരക്കിൽ ഈടാക്കി | 1-14 |
| 28 | പഞ്ചായത്ത് ലൈബ്രറി സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ് | 1-15 |
| 29 | വിവിധ കുടിവെള്ള പദ്ധതികളുടെ മോട്ടോർ മാറ്റി സ്ഥാപിക്കൽ- അപാകതകൾ | 1-16 |
| 30 | ആശ്രയ പദ്ധതി - മുഴുവൻ തുകയും വിനിയോഗിച്ചിട്ടില്ല | 1-17 |
| 31 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല – തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-18 |
| 32 | ഹരിത കർമ്മസേനയുടെ പ്രവർത്തനം - അവലോകനം | 1-19 |
| 33 | സബ്സിഡി മാർഗനിർദേശങ്ങളിലെ വ്യവസ്ഥകൾ പാലിക്കാതെ പ്രോജക്ടുകൾ നിർവ്വഹിച്ചിരിക്കുന്നു | 1-20 |
| 34 | സബ്സിഡി മാർഗനിർദേശങ്ങളിലെ പരിശോധനാ വ്യവസ്ഥകൾ പാലിച്ചിട്ടില്ല | 1-21 |
| 35 | ഔഷധ ഗ്രാമം -തൈ വിതരണം | 1-22 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | വിവിധ കുടിവെള്ള പദ്ധതികളുടെ മോട്ടോർ മാറ്റി സ്ഥാപിക്കൽ-അധികം നൽകിയ തുക ഈടാക്കേണ്ടതാണ് | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക-വിവിധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 4(1) ഭരണസമിതി കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 27/06/2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

പാലക്കാട്

തീയതി:18-10-2023

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-1-3 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനത

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1238757 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-192003) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ്സ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-4 ഡിപ്രീസിയേഷൻ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

വിവിധ ആസ്തികളുടെ ഡിപ്രീസിയേഷൻ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1-1-5 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല.

1-1-6 ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രൂവൽ ചെയ്യുന്നില്ല

01/04/2022 ൽ ILGMS സോഫ്റ്റ്‌വെയർ ആരംഭിച്ചതിനു ശേഷം പഞ്ചായത്ത് ഫണ്ടിൽ നിന്ന് നേരിട്ട് നടത്തുന്ന ചെലവുകൾ(ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള പിൻവലിക്കലുകൾ) അക്രൂവൽ ആയിട്ടാണ് അക്കൗണ്ട് ചെയ്യുന്നത്. 2022-23 വർഷത്തെ കണ്ടിജന്റ് ചെലവുകൾ എല്ലാം 350109999-Amount Payable To Other Creditors എന്ന ശീർഷകത്തിലേക്ക് അക്രൂവലായി അക്കൗണ്ട് ചെയ്ത ശേഷമാണ് ചെലവ് ചെയ്തിരിക്കുന്നത്. തൻവർഷം 1.59 കോടിയോളം രൂപ ടി ശീർഷകത്തിലേക്ക് അക്രൂവൽ ചെയ്യുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾക്ക് ഇനം തിരിച്ചുതന്നെ ബാധ്യത ശീർഷകങ്ങൾ ലഭ്യമായിരുന്നിട്ടും മേൽപറഞ്ഞ ഒരു ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്.

1-2 ബജറ്റ്

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ', 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 175, 214 എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കൽ സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്.
30.03.2022 ന് ചേർന്ന യോഗത്തിലെ തീരുമാനം 2/1 പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 03.03.2023 ന് ചേർന്ന യോഗത്തിലെ തീരുമാനം 1/1 പ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1922057 |
| തൻവർഷം വരവ് | 173171000 |
| ആകെ വരവ് | 175093057 |
| ചെലവ് | 174134338 |

| | |
|---|---|
| നീക്കിയിരിപ്പ് | 958719 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹13705763 |
| വരവ് | ₹27935170 |
| ആകെ | ₹41640933 |
| ചെലവ് | ₹26696413 |
| നീക്കിയിരിപ്പ് | ₹14944520 |

Receipt & Payment സ്റ്റേറ്റ്മെന്റിലെ കണക്കുകളാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്. ആയതിൽ ഗ്രാന്റുകൾ ഉൾപ്പെടുന്നില്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 13596000 | 13596000 | 13596000 | 0 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 6811000 | 6811000 | 6811000 | 0 |
| മെയിന്റനൻസ്-റോഡ് | | 0 | 12065000 | 12065000 | 12065000 | 0 |
| മെയിന്റനൻസ്-നോൺ-റോഡ് | | 0 | 4570000 | 4570000 | 4570000 | 0 |
| CFC-അടിസ്ഥാന ഗ്രാന്റ് | | 292286 | 2347778 | 2640064 | 2536120 | 103944 (ബാങ്കിൽ) |
| CFC-അടിസ്ഥാന ഗ്രാന്റ് (സ്പിൽ ഓവർ) | | 0 | 277195 | 277195 | 271988 | 5207 (ലാപ്സായി) |
| CFC-ടൈഡ് ഗ്രാന്റ് | | 1693629 | 3391000 | 5084629 | 3946825 | 1137804 (ബാങ്കിൽ) |
| CFC-ടൈഡ് ഗ്രാന്റ് (സ്പിൽ ഓവർ) | | 0 | 451783 | 451783 | 98209 | 353574 (ലാപ്സായി) |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | TSC | 324838 | 0 | 324838 | 207208 | 117630 |
| | ICDS | 479480 | 831452 | 1310932 | 607036 | 703896 |
| | ശുചിത്വ മിഷൻ ഫണ്ട് | 1124219 | 0 | 1124219 | 272116 | 852103 |
| | | 255984 | 0 | 255984 | 255984 | 0 |

<u>പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ</u>

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs | 0 | 339205 | 339205 | 334885 | 4320 |
| Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres | 0 | 180352 | 180352 | 177961 | 2391 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 440000 | 1700000 | 2140000 | 1400000 | 740000 |
| KIFBI | 1750000 | 0 | 1750000 | 0 | 1750000 |
| Bio Diversity Fund | 269099 | 7900 | 276999 | 124590 | 152409 |

1-5 പദ്ധതി അവലോകനം

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 193 | 84386497 | 184 | 49099021 | 0 | 9 | 95 |

ബി) വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കി തുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 3406882 | 7 | 2859419 | 83.93 |
| വെറ്റിനറി സർജൻ | 9 | 3166700 | 9 | 2231700 | 70.47 |
| മെഡിക്കൽ ഓഫീസർ - | 11 | 3653924 | 11 | 3532341 | 96.67 |

| | | | | | |
|---|---|---|---|---|---|
| എഫ്.എച്ച്.സി | | | | | |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | 2 | 286000 | 2 | 286000 | 100 |
| വി.ഇ.ഒ | 14 | 32023597 | 13 | 8588279 | 26.82 |
| ICDS സൂപ്പർ വൈസർ | 8 | 3552260 | 8 | 2784815 | 78.4 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 725000 | 1 | 725000 | 100 |
| സെക്രട്ടറി | 44 | 9594643 | 41 | 7532724 | 78.51 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 93 | 26315611 | 88 | 19042729 | 72.36 |
| ഹെഡ് മാസ്റ്റർ | 4 | 1661880 | 4 | 1516014 | 91.22 |
| ആകെ | 193 | 84386497 | 184 | 49099021 | 58.18 |

അതത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9 | 1310968 | 1310977 | 1310852* | 125 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 23090910 | 23090910 | 23090910 | - |
| ആകെ | 9 | 24401878 | 24401887 | 24401762 | 125 |

* പണി സ്ഥലങ്ങളിൽ ബോർഡ് സ്ഥാപിക്കുന്നതിന് 30000 രു. അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ടെങ്കിലും ആയതിൽ 25000രു. മാത്രമാണ് തൊഴിലുറപ്പ് പദ്ധതിയിലേക്ക് കൈമാറിയിട്ടുള്ളത്. ബാക്കി 5000രു. ബാലൻസ് ഷീറ്റിൽ B-4ൽ നിലനിൽക്കുന്നുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 3792400 | 326 |
| 2 | വാർദ്ധക്യകാല പെൻഷൻ | 16564400 | 1595 |
| 3 | വികലാംഗ പെൻഷൻ | 2547400 | 230 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1515600 | 137 |
| 5 | വിധവാ പെൻഷൻ | 8410300 | 758 |
| 6 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 30000 | 1 |
| 7 | തൊഴിൽ രഹിത വേതനം | 720 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 14-08-2023 തീയതിയിൽ ഉച്ചയ്ക്ക് ശേഷം 02.00 ന് സെക്രട്ടറി (Incharge) യുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8783/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.

അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പ് വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2022-23 സാമ്പത്തിക വർഷം സർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റുകളിൽ 59 ശതമാനത്തിൽ താഴെ മാത്രം ചെലവഴിക്കാനാണ് സാധിച്ചിട്ടുള്ളത്. ഗ്രാന്റിനത്തിലുള്ള ₹35287476 ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു. ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത ഈ സാഹചര്യത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ഭരണസമിതി അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജിവനക്കാരും ശ്രദ്ധിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഏറ്റവും ഒടുവിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2010-11 മുതൽ 2014-15 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. നിലവിൽ പരാമർശങ്ങളൊന്നും തീർപ്പാക്കുവാൻ അവശേഷിക്കുന്നില്ല.

പെർഫോമൻസ് ഓഡിറ്റ് ഡിസംബർ 2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. 20 പരാമർശങ്ങളാണ് തീർപ്പാക്കുവാൻ അവശേഷിക്കുന്നത്.

1-11 വസ്തു നികുതി പരിഷ്കരണം - അവലോകനം

22.03.2023 ലെ സ.ഉ(കൈ)നം.77/2023/LSGD പ്രകാരം 01.04.2023 പ്രബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് 05.04.2023 ലെ സ.ഉ(അച്ചടി)നം.25/2023/LSGD നമ്പരായി പ്രസിദ്ധീകരിച്ച 5-4-2023 ലെ എസ്.ആർ.ഒ നം. 479/2023 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തീയതിയും (01.04.2023) സർക്കാർ നിശ്ചയിച്ചിരുന്നു. ഇതു പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനമെടുത്ത് (നം. 1/18.04,2023) ഭരണ സമിതിയുടെ തീരുമാനത്തിനായി ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച കൊണ്ട് പഞ്ചായത്ത് തയ്യാറാക്കിയ കരട് വിജ്ഞാപനം ഭരണ സമിതി തീരുമാനം (നം.2(1)/19.04.2023) പ്രകാരം അംഗീകരിച്ച് 07.05.2023 ന് പത്രപരസ്യം നൽകിയിട്ടുണ്ട്. ഇതിന്മേൽ ആക്ഷേപങ്ങളൊന്നും ലഭിക്കാത്തതിനാൽ അന്തിമ വിജ്ഞാപനം,

റോഡുകളുടെയും മേഖലകളുടെയും തരംതിരിവുകൾ എന്നിവ ഭരണ സമിതി അംഗീകരിച്ച് (തീരുമാനം നം. 6(1)/27.06.2023) 04.08.2023 ന് പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05/09.08.2023) സഞ്ചയയിൽ ആയതിനുള്ള പ്രൊവിഷൻ ലഭിക്കുന്ന മുറയ്ക്ക് അന്തിമമാക്കി വിജ്ഞാപനം സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി നികുതി പരിഷ്കരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-11-1 വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ഈടാക്കുവാനുള്ള സാധ്യത പഞ്ചായത്ത് പരിശോധിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിച്ചിട്ടുണ്ടെങ്കിൽ, തുടർ നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് നൽകുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05/09.08.2023) സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുവാനുള്ള സാധ്യത ഭരണ സമിതി പരിശോധിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.

സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുവാനുള്ള സാധ്യത പഞ്ചായത്ത് പരിശോധിച്ച് ഈ ഇനത്തിലുള്ള വരുമാനം ഉറപ്പ് വരുത്താവുന്നതാണ്.

### 1-11-2 കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സർവ്വീസ് ചാർജ് ഈടാക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സർവ്വീസ് ചാർജ് ഈടാക്കാവുന്നതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പോസ്റ്റ് ഓഫീസ് കെട്ടിടത്തെ (കെട്ടിട നം. 5/142, വിസ്തീർണ്ണം - 15 ച.മീറ്റർ) ഉപയോഗക്രമത്തിൽ തന്നെ 'നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട' കെട്ടിടം എന്ന് രേഖപ്പെടുത്തി വസ്തു നികുതി ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ ചട്ട പ്രകാരമുള്ള സർവ്വീസ് ചാർജ് ഈടാക്കിയിട്ടില്ല. ആയതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05/09.08.2023) അടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അജണ്ടയായി ഉൾപ്പെടുത്തി പരിശോധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-11-3 നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ - അർഹത പുന:പരിശോധിക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ തന്നെ 'നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട' 426 കെട്ടിടങ്ങൾ ഉള്ളതായി കാണുന്നു. ഇതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ, പഞ്ചായത്തിന് കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ, വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടങ്ങൾ, ആരാധനാലയങ്ങൾ, കേരള പഞ്ചായത്ത് രാജ് നിയമം/സർക്കാർ ഉത്തരവുകൾ പ്രകാരം ഇളവുള്ള കെട്ടിടങ്ങൾ തുടങ്ങിയ നിരവധി കെട്ടിടങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

ഇവയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങളെ ഉപയോഗക്രമത്തിൽ തന്നെ 'നികുതി, ഉപനികുതി എന്നിവ

ഒഴിവാക്കപ്പെട്ട' കെട്ടിടങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ പല കെട്ടിടങ്ങൾക്കും നികുതി ഇളവ് ചെയ്തു നൽകിയതിന്റെ വിവരം സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതുമൂലം കെട്ടിടങ്ങളുടെ ഉപയോഗക്രമം, വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുവാനുള്ള കാരണം, നിർണ്ണയിച്ച വസ്തു നികുതി എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല. ഏതാനും ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | റിമാർക്സ് |
|---|---|---|---|---|
| 1 | 2/365A | രവിദാസൻ | 49.24 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. |
| 2 | 3/102A | സതീരത്നം കുഞ്ഞിലക്ഷ്മി | 46.46 | ,, |
| 3 | 4/70B | ശിവൻ | 36.42 | ,, |
| 4 | 4/329A | രാമൻകുട്ടി | 37.48 | ,, |
| 5 | 6/257 | ജാനകി | 50 | ,, |
| 6 | 12/331A | അയ്യപ്പൻ | 57.13 | ,, |

ഇത്തരത്തിൽ കെട്ടിടങ്ങളുടെ യഥാർത്ഥ ഉപയോഗക്രമം, വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുവാനുള്ള കാരണം എന്നിവ രേഖപ്പെടുത്താതെ വസ്തു നികുതിയിൽ ഇളവ് നൽകുവാനുള്ള കാരണം വ്യക്തമല്ല.

2) 16.12.2015 ലെ സ.ഉ(എം.എസ്)നം.358/15/തസ്വഭവ പ്രകാരം 60 ച.മി.വരെ തറ വിസ്തീർണ്ണമുള്ള വാസഗൃഹ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം ഒരു കുടുംബനാഥൻ/നാഥയുടെ പേരിലുള്ള സ്വന്തം താമസത്തിനായി ഉപയോഗിക്കുന്ന ഒരു വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 60 ച.മീറ്ററിൽ കൂടുതലുള്ള താഴെ പറയുന്ന കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥൻ | ആകെ വിസ്തീർണ്ണം (ച.മീ.) | റിമാർക്സ് |
|---|---|---|---|---|
| 1 | 3/197 | ഗോപാലൻ നായർ | 132.21 | കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ 'നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട' കെട്ടിടം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. നികുതി ഇളവ് ചെയ്തു നൽകിയതിന്റെ വിവരം സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 2 | 3/312 | ജ്യോതി ലക്ഷ്മി | 64.1 | ,, |
| 3 | 3/358 | രാമൻ | 70.8 | ,, |

| | | | | |
|---|---|---|---|---|
| 4 | 3/374 | ഇന്ദിര | 74.78 | ,, |
| 5 | 5/227 | രാമചന്ദ്രൻ | 68.72 | ,, |
| 6 | 6/300 | സുലോചന | 80 | ,, |
| 7 | 6/366 | കൃഷ്ണനുണ്ണി | 95 | ,, |
| 8 | 10/96 | രാമൻകുട്ടി | 130 | കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ 'നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട' കെട്ടിടം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. നികുതി ഇളവ് ചെയ്തു നൽകിയതിന്റെ കാരണമായി 'സർക്കാരോ അർദ്ധ സർക്കാർ സ്ഥാപനങ്ങളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ സൗജന്യമായി നിർമ്മിച്ചുകൊടുത്ത വാസഗൃഹം, എന്ന് രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. |
| 9 | 10/179 | ധനലക്ഷ്മി | 77 | ,, |
| 10 | 10/180 | രാജലക്ഷ്മി | 66.5 | ,, |
| 11 | 10/230 | ചാമി | 64 | ,, |

തറ വിസ്തീർണ്ണം 60 ച.മീറ്ററിൽ കൂടുതലുള്ള മേൽ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതിന്റെ കാരണം വ്യക്തമല്ല.

3) വില്ലേജ് ഓഫീസ് കെട്ടിടത്തെ (കെട്ടിട നം. 10/67, വിസ്തീർണ്ണം - 125 ച.മീറ്റർ) ഉപയോഗക്രമത്തിൽ തന്നെ 'നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട' കെട്ടിടങ്ങളിൽ ഉൾപ്പെടുത്തി വസ്തു നികുതി ഇളവ് നൽകുവാനുള്ള കാരണം വ്യക്തമല്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/14.08.2023) പ്രസ്തുത കെട്ടിടങ്ങളുടെ സ്ഥല പരിശോധനയ്ക്ക് ശേഷം ഓഡിറ്റ് കണ്ടെത്തിയിട്ടുള്ള അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. പഞ്ചായത്തിലെ 13 വാർഡുകളും പരിശോധിച്ച് മതിയായ കാരണങ്ങളില്ലാതെ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ നടപടി പുന:പരിശോധിച്ച് അർഹതയ്ക്ക് വിധേയമായി കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 276(3)-ാം വകുപ്പ് പ്രകാരം ഫയൽ ചെയ്ത ഒരു അപ്പീൽ, അതു ലഭിച്ചശേഷം 60 ദിവസത്തിനകം പഞ്ചായത്തോ അല്ലെങ്കിൽ സ്റ്റാന്റിംഗ് കമ്മിറ്റിയോ അതിനു യുക്തമെന്നു തോന്നുന്ന രീതിയിൽ തീർപ്പു കൽപ്പിക്കേണ്ടതാണ് എന്ന് വിശദമാക്കിയിട്ടുണ്ട്. ആയതുകൊണ്ട് സമയബന്ധിതമായി ഇവയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ഇവ നിരീക്ഷണ വിധേയമാക്കുന്നതിനും ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. അത്തരത്തിലുള്ള വസ്തുനികുതി അപ്പീൽ രജിസ്റ്റർ, നികുതി എഴുതിതള്ളൽ സംബന്ധിച്ച രജിസ്റ്റർ, വേക്കൻസി റെമിഷൻ രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11-4 വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികതി കുറവായി നിർണ്ണയിച്ചിരിക്കുന്നു

ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ളവ '100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 30 രൂപയും '100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 50 രൂപയായും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ നികുതി നിർണ്ണയ രേഖകൾ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിലുള്ള താഴെ പറയുന്ന കെട്ടിടങ്ങൾക്ക് അവയ്ക്ക് ബാധകമാകുന്ന ഉയർന്ന നിരക്ക് ഈടാക്കുന്നതിന് പകരം 100 ച.മീ.യിൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 30 രൂപ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയതായി കാണുന്നു.

കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥൻ | വിസ്തീർണ്ണം (ച.മീ.) | ഉപയോഗക്രമം | വസ്തു നികുതി നിലവിൽ വന്ന വർഷം |
|---|---|---|---|---|---|
| 1 | 8/19 C | കാഞ്ചന & ഉഷാദേവി | 108.4 | ഷോപ്പുകൾ | 2022 ഒന്നാം അർദ്ധ വർഷം |
| 2 | 8/125 B | ബാബു | 108.8 | ഹോട്ടൽ | 2013 ഒന്നാം അർദ്ധ വർഷം |

മേൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കുവാനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/14.08.2023) പ്രസ്തുത കെട്ടിടങ്ങളുടെ സ്ഥല പരിശോധനയ്ക്ക് ശേഷം ഓഡിറ്റ് കണ്ടെത്തിയിട്ടുള്ള അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

മേൽ വാണിജ്യ കെട്ടിടങ്ങൾക്ക് അവയ്ക്ക് ബാധകമാകുന്ന ഉയർന്ന നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കുന്നതിന് പകരം കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചത് പരിശോധിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി വസ്തു നികുതി ഇനത്തിലുണ്ടായ നഷ്ടം കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11-5 ഒരേ ഉപയോഗക്രമമുള്ള വാണിജ്യ കെട്ടിടങ്ങളെ വിഭജിച്ച് കെട്ടിട നമ്പർ നൽകുന്നത് - ബാധകമായ ഉയർന്ന നിരക്കിൽ വസ്തു നികതി ഈടാക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് വിനിയോഗിച്ചിരിക്കുകയാണെങ്കിൽ മാത്രമേ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. വെള്ളിനേഴി ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ളവ '100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 30 രൂപയും '100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 50 രൂപയായും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ നികുതി നിർണ്ണയ രേഖകൾ പരിശോധിച്ചതിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഒരാളുടെ ഉടമസ്ഥതയിലുള്ള ഒരു പ്ലാൻ

പ്രകാരമുള്ള 100 ച.മീന് മുകളിലുള്ള ഒരേ ഉപയോഗക്രമമുള്ള പല വാണിജ്യ കെട്ടിടങ്ങളും വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും, അവയ്ക്ക് ബാധകമാകുന്ന ഉയർന്ന നിരക്ക് ഈടാക്കുന്നതിന് പകരം 100 ച.മീ.യിൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 30 രൂപ നിരക്കിൽ നികുതി ഈടാക്കുകയുമാണ് ചെയ്തിരിക്കുന്നത്.

ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥൻ | ഉപയോഗക്രമം | ആകെ വിസ്തീർണ്ണം ($M^2$) | വസ്തു നികുതി നിലവിൽ വന്ന വർഷം |
|---|---|---|---|---|---|
| 1 | 4/293A മുതൽ 4/293F വരെ | രശ്മിണി മുതൽ പേർ | ഷോപ്പുകൾ | 109.76 | 2017 ഒന്നാം അർദ്ധ വർഷം |
| 2 | 7/155A മുതൽ 7/155D വരെ | ഷംസുദ്ദീൻ | ഷോപ്പുകൾ | 121.96 | 2020 ഒന്നാം അർദ്ധ വർഷം |
| 3 | 8/150A മുതൽ 8/150F വരെ | രാമകുമാരൻ & മനോഹരൻ | ഷോപ്പുകൾ | 139 | 2014 ഒന്നാം അർദ്ധ വർഷം |
| 4 | 8/175A മുതൽ 8/175P വരെ | സുജാത, ധന്യ & ധീരജ് | ഷോപ്പുകൾ | 358.82 | 2022 ഒന്നാം അർദ്ധ വർഷം |
| 5 | 8/228A മുതൽ 8/228J വരെ | സേതുലക്ഷ്മി | ഷോപ്പുകൾ | 245.71 | 2019 രണ്ടാം അർദ്ധ വർഷം (കെട്ടിട നം. 8/228A ന്റെ മാത്രം 50 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്.) |
| 6 | 8/257A മുതൽ 8/257C വരെ | ശാന്തകുമാരി | ഷോപ്പുകൾ | 297.15 | 2018 ഒന്നാം അർദ്ധ വർഷം (കെട്ടിട നം. 8/257C ന്റെ മാത്രം 50 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്.) |
| 7 | 9/3A മുതൽ 9/3B വരെ | ഉണ്ണികൃഷ്ണൻ | ഷോപ്പുകൾ | 159.26 | 2015 ഒന്നാം അർദ്ധ വർഷം |
| 8 | 9/231A മുതൽ 9/231D വരെ | അരവിന്ദ് | ഷോപ്പുകൾ | 135.11 | 2021 ഒന്നാം അർദ്ധ വർഷം |
| 9 | 12/4B മുതൽ 12/4F വരെ | അനിൽകുമാർ | ഷോപ്പുകൾ | 209.29 | 2022 ഒന്നാം അർദ്ധ വർഷം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/16.08.2023) പ്രസ്തുത കെട്ടിടങ്ങളുടെ സ്ഥല പരിശോധനയ്ക്ക് ശേഷം ഓഡിറ്റ് കണ്ടെത്തിയിട്ടുള്ള അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ഒരേ ഉപയോഗക്രമമുള്ള വാണിജ്യ കെട്ടിടങ്ങളെ വിഭജിച്ച് കെട്ടിട നമ്പർ നൽകുമ്പോൾ അവയ്ക്ക് ബാധകമാകുന്ന ഉയർന്ന നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കുന്നതിന് പകരം കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചത് പരിശോധിച്ച് (പഞ്ചായത്തിലെ 13 വാർഡുകളിലേയും) സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി വസ്തു നികുതി ഇനത്തിലുണ്ടായ നഷ്ടം കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 5എ, 12,13 പ്രകാരം ലൈസൻസിനുള്ള അപേക്ഷകൾ ലഭിച്ചതും പ്രസ്തുത സ്ഥാപനങ്ങൾ സെക്ഷൻ ക്ലർക്ക് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കേണ്ടതും ആയത് സെക്രട്ടറി പരിശോധിച്ച് ലൈസൻസ് അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. കൂടാതെ ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ പ്രകാരം ലൈസൻസ് ലഭ്യമാകുന്നതിനുള്ള അപേക്ഷകളിൽ മൂലധനം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും പ്രസ്തുത സ്ഥാപനങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കി ആയത് സെക്രട്ടറി അഭിപ്രായം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

2022-23 വർഷം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഉള്ള ലൈസൻസ് അനുവദിച്ച് നൽകിയ അപേക്ഷകൾ പരിശോധിച്ചതിൽ മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധനം, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഒരുക്കിയതിന്റെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/14-8-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

വിശദാംശങ്ങൾ തുടർ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-12-1 മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത അപേക്ഷകൾക്ക് ലൈസൻസ് അനുവദിച്ചു.

താഴെ സൂചിപ്പിക്കുന്ന അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത അപേക്ഷകൾക്ക് ലൈസൻസ് അനുവദിച്ചു.

| ക്രമ നം. | അപേക്ഷകൻ | ലൈസൻസ് നം. |
|---|---|---|
| 1 | ഉണ്ണികൃഷ്ണൻ. എൻ | A3-892/2022-23/6 |
| 2 | ടി.പി.ബാലൻ | A3-956/2022-23/7 |
| 3 | ജി.പി. രാജീവ് | A3-1232/2022-23/12 |
| 4 | ഉണ്ണികൃഷ്ണൻ. സി | A3-1424/2022-23/14 |
| 5 | വി.വി.ഗോപാലകൃഷ്ണൻ | A3-1343/2022-23/16 |
| 6 | സ്മിത .കെ.കെ. | A3-1345/2022-23/17 |

മേൽ സൂചിപ്പിച്ചവ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്. മറ്റ് ഭൂരിപക്ഷം അപേക്ഷകളും ഇതേ അവസ്ഥയിൽ തന്നെയാണുള്ളത്. ഇപ്രകാരം മൂലധന നിക്ഷേപം രേഖപ്പെടുത്താതെയും ആയത് പരിശോധന നടത്തി ഉറപ്പാക്കാതെയും ലൈസൻസുകൾ നൽകുമ്പോൾ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട

വരുമാനത്തിൽ വലിയ കുറവ് സംഭവിക്കുന്നു. കൂടാതെ വലിയ സ്ഥാപനങ്ങൾക്കും ചെറിയ സ്ഥാപനങ്ങൾക്കും ഒരേ ഫീസ് ഈടാക്കുന്നത് സാമൂഹ്യ നീതിക്ക് നിരക്കുന്നതുമല്ല. ആയതിനാൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന നിരക്ക് സ്ലാബ് നിശ്ചയിക്കുകയും അപേക്ഷകളിൽ മൂലധനം കൃത്യമായി രേഖപ്പെടുത്തുകയും ലൈസൻസ് ഫീസ് ചട്ടങ്ങളിലെ പട്ടിക II (31-10-2017 ലെ ഭേദഗതി പ്രകാരം പുതുക്കിയത്) പ്രകാരമുള്ള ഫീസ് ഈടാക്കുകയും ചെയ്യേണ്ടതാണ്.

### 1-12-2 വർഷങ്ങളായി തുടരുന്ന പല സ്ഥാപനങ്ങളിലും കാലികമായ വർദ്ധനവ് വരുത്താതെ പഴയ ഫീസ് തുടർന്നും സ്വീകരിച്ചിരിക്കുന്നു

താഴെ സൂചിപ്പിക്കുന്ന വർഷങ്ങളായി തുടരുന്ന പല സ്ഥാപനങ്ങളിലും കാലികമായ വർദ്ധനവ് വരുത്താതെ പഴയ ഫീസ് തുടർന്നും സ്വീകരിച്ചിരിക്കുന്നു.

| ക്രമ നം. | അപേക്ഷകൻ | സ്ഥാപനത്തിൽ നടത്തുന്ന ബിസിനസ്/ സേവനം | അടവാക്കി വരുന്ന ലൈസ ൻസ് ഫീസ് |
|---|---|---|---|
| 1 | ഉണ്ണികൃഷ്ണൻ. എൻ | വെൽഡിങ്ങ് വർക്ക് ഷോപ്പ് | 100 |
| 2 | ടി.പി.ബാലൻ | കഥകളി വസ്തുക്കൾ നിർമാണം, കച്ചവടം | 100 |
| 3 | ജി.പി. രാജീവ് | സ്വർണ്ണ വ്യാപാരം | 100 |
| 4 | ഉണ്ണികൃഷ്ണൻ. സി | വെൽഡിങ്ങ് വർക്ക് ഷോപ്പ് | 100 |
| 5 | വി.വി.ഗോപാലകൃഷ്ണൻ | പൂജാ സ്റ്റോർ | 100 |
| 6 | കല്യാണിക്കുട്ടി, പട്ടിശ്ശേരി | ടൈലറിംഗ് ഷോപ്പ് | 100 |
| 7 | രാജേഷ് | ഹാർഡ് വെയർ ഷോപ്പ് | 100 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232, 233വകുപ്പുകൾക്ക് ഭേദഗതി വരുത്തി 2018 ൽ വിജ്ഞാപനം പുറപ്പെടുവിക്കുകയും 1996 ലെ വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ II-ാം പട്ടിക പ്രകാരമുള്ള ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പുനർനിർണയിക്കുകയും ചെയ്തിട്ടുണ്ട്. ആയതു പ്രകാരം ഫീസ് നിർണയിച്ച് ഈടാക്കുന്നതിന് പകരം മുൻവർഷങ്ങളിൽ സ്വീകരിച്ച ഫീസ് തൻവർഷവും അതേപടി തുടരുകയാണ് ചെയ്തിരിക്കുന്നത്. ആയതിനാൽ ഗ്രാമപഞ്ചായത്തിന് ഗണ്യമായ വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിനാൽ ഫീസുകൾ കാലികമാക്കി ലൈസൻസ് ഫീസ് ചട്ടങ്ങളിലെ പട്ടിക II (31-10-2017 ലെ ഭേദഗതി പ്രകാരം പുതുക്കിയത്) പ്രകാരമുള്ള ഫീസ് ഈടാക്കുകയും ചെയ്യേണ്ടതാണ്.

### 1-13 പട്ടിക്കാംതൊടി രാവുണ്ണി മോനോൻ സ്മാരക നിർമ്മാണം -ജില്ലാ പഞ്ചായത്തിലേക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല

പട്ടിക്കാംതൊടി രാവുണ്ണിമോനോൻ സ്മാരക നിർമ്മാണം നടത്തുന്നതിന് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിയിലേക്ക് വെള്ളിനേഴി ഗ്രാമപഞ്ചായത്ത് 2022-23 ൽ വിഹിതം നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു

പ്രോജക്ട് നം. 191/23

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ - 260200 (വികസന ഫണ്ട് ജനറൽ-160200, CFC -200000)

ചെലവ്- 200000/-

1) വികസന ഫണ്ട് ജനറൽ-160200, ബിൽ നം. 417, 28.03.2023)

2) (CFC -39800, ബിൽ നം. 361/23, 17.03.2023)

മേൽ സൂചിപ്പിച്ച പ്രവൃത്തിക്ക് ജില്ലാപഞ്ചായത്തിന് കൈമാറിയ തുക വിനിയോഗ വിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/08.08.23) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ആയത് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 തെരുവുവിളക്ക് റിപ്പയർ/സ്ഥാപിക്കൽ -ഒരേ ദിവസത്തെ ബില്ലുകളിൽ 9വാട്ട് LED ബൾബിന് വ്യത്യസ്ത നിരക്കിൽ ഈടാക്കി

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകൾ (CFL, LED) അറ്റകുറ്റപണികൾ നടത്തി പ്രവർത്തനക്ഷമമാക്കാൻ തെരുവുവിളക്കു റിപ്പയർ എന്ന പ്രോജക്ടും 9 വാട്ട് LED BULB, കേബിൾ, ഷേഡ്, സ്വിച്ച്, ഹോൾഡർ എന്നീ മെറ്റീരിയലുകൾ ഉപയോഗിച്ച് ഒരു വർഷം പ്രകാശിപ്പിച്ചു നിർത്തുന്നതിന് ലേബർ ചാർജ് ഉൾപ്പെടെ തെരുവുവിളക്കു സ്ഥാപിക്കൽ എന്ന പ്രോജക്ടും നിർവഹണം നടത്തിയിട്ടുണ്ട്.

വിശദ വിവരം താഴെ കൊടുക്കുന്നു.

| ഇനം | തെരുവുവിളക്ക് റിപ്പയർ | തെരുവിളക്ക് സ്ഥാപിക്കൽ |
|---|---|---|
| പ്രോജക്ട് നം. | 3/23 | 6/23 |
| ടെണ്ടർ പരസ്യം നൽകിയ തിയ്യതി | 24.11.2022 | 24.11.2022 |
| കരാറുകാരന്റെ പേര് | അബ്ദുൾ ലത്തീഫ്, ഷൈൻ ഇലക്ട്രിക്കൽസ് & PED കോൺട്രാക്ട് വർക്ക് | അബ്ദുൾ ലത്തീഫ്, ഷൈൻഇലക്ട്രിക്കൽസ് & PED കോൺട്രാക്ട് വർക്ക് |
| കരാർ നം., തിയതി | 8/22-23, 06.12.2022 | 8/22-23, 06.12.2022 |
| ഭരണ സമിതി തീരുമാനം | 09.12.2022 ലെ 6(1)-ാം തീരുമാനം | 03.12.2022 ലെ 2(2)-ാം തീരുമാനം |
| പ്രൊക്വയർമെന്റ് കമ്മിറ്റി തീരുമാനം | 09.12.2022 ലെ 1(1)-ാം തീരുമാനം | 09.12.2022 ലെ 1(2)-ാം തീരുമാനം |
| ഒരു പോസ്റ്റ് റിപ്പയർ / സ്ഥാപിക്കാനുള്ള ചാർജ് | 320/- | 445/- |
| ബിൽ നം., തുക | 204/20.01.2023, 200000/- | 256/4-2-2023, 300000/- |
| ഇൻവോയ്സ് നം., തിയതി | B2C003,12.01.23 | B2C002,12.01.23 |
| 9 വാട്ട് LED | RS 271.19 പ്രകാരം | RS 93.22 രൂപ പ്രകാരം |

| | | |
|---|---|---|
| ബൾബുകളുടെ വില | 625 ബൾബുകൾ | 674 ബൾബുകൾ |

മേൽ സൂചിപ്പിച്ച പ്രോജക്ടുകളിൽ ഒരേ ദിവസത്തെ ഇൻവോയ്സുകളിൽ 9 വാട്ട് LED ബൾബുകളുടെ വില വ്യത്യസ്ത നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നു. ഒരേ ദിവസം കരാർ വെച്ച് പ്രവൃത്തി ചെയ്ത് ഒരേ സ്പെസിഫിക്കേഷനിലുള്ള ബൾബുകൾക്ക് വ്യത്യസ്ത നിരക്ക് കോൺട്രാക്ടർ ബില്ലുകളിൽ രേഖപ്പെടുത്തിയത് ഏത് സാഹചര്യത്തിലാണ് എന്ന് വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/14.08.23) 9 വാട്ട് LED ബൾബ്, കേടുവന്ന അനുബന്ധ സാമാഗ്രികൾ, ലേബർ ചാർജ് എന്നിവ പ്രത്യേകം കാണിക്കുന്നതിനു പകരം ബൾബിന്റെ വിലയായാണ് കരാറുകാരൻ തുക രേഖപ്പെടുത്തിയത് എന്നതാണ്.

ഒരേ ആവശ്യത്തിന് ഒരേ സമയം രണ്ട് പ്രോജക്ടുകൾ രൂപീകരിക്കുന്നത് ശരിയായ നടപടിയല്ല.തെരുവു വിളക്കു റിപ്പയർ, പുതിയ തെരുവുവിളക്കുകൾ സ്ഥാപിക്കൽ എന്നീ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ ഇതുമായി ബന്ധപ്പെട്ട ഓരോ ഇനങ്ങൾക്കും പ്രത്യേകം നിരക്ക് ക്വോട്ട് ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 പഞ്ചായത്ത് ലൈബ്രറി സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്

വെള്ളിനേഴി ഗ്രാമപഞ്ചായത്തിലെ ലൈബ്രറി സംവിധാനത്തിന്റെ കാര്യക്ഷമത പരിശോധിച്ചതിൽ ലൈബ്രറിയിൽ നിന്ന് ലഭ്യമാക്കിയ രേഖകൾ പ്രകാരം 2982 ബുക്കുകൾ പി.ടി.ബി സ്മാരക ലൈബ്രറിയിലെ സ്റ്റോക്ക് രജിസ്റ്ററിൽ ഉണ്ട്. 2022 വർഷം ലൈബ്രറി ഗ്രാന്റ് ഉപയോഗപ്പെടുത്തി 75 ബുക്കുകൾ വാങ്ങിയിട്ടുണ്ട്. 2022 നവംബർ മാസം വരെ ജാനകി .ടി എന്ന പാർട്ട് ടൈം ലൈബ്രേറിയൻ 14800-2297 ശമ്പള സ്കെയിലിൽ 16500അടിസ്ഥാന ശമ്പളത്തിൽ ജോലി ചെയ്തതായി പ്രതിമാസ ചെലവു വൗച്ചറുകളിൽ കാണുന്നു. ലൈബ്രേറിയനിൽ നിന്ന് ലഭിച്ച വിവരം അനുസരിച്ച് അഡ്മിഷൻ ഫീ ആയി 2/- രൂപയും സബ്സ്ക്രിപ്ഷൻ ഫീ 39/- രൂപയും ഡെപ്പോസിറ്റ് 10രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. തൻവർഷം ഈ ഇനത്തിൽ വരവ് നാമമാത്രമാണ്. ഓഡിറ്റ് കാലയളവിൽ ആകെ പത്തിൽ താഴെ മെമ്പർമാർ മാത്രമാണ് പുതുതായി ചേർത്തിട്ടുള്ളത്. നിലവിൽ ലൈബ്രേറിയൻ ട്രാൻസ്ഫറായി പോയ സാഹചര്യത്തിൽ കൂടുതൽ മെമ്പർമാരെ ചേർക്കുവാനും സ്ഥിരമായൊരു ലൈബ്രറി പ്രവർത്തനം നടത്തികൊണ്ടു പോകുന്നതിനും ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 വിവിധ കുടിവെള്ള പദ്ധതികളുടെ മോട്ടോർ മാറ്റി സ്ഥാപിക്കൽ-അപാകതകൾ

പ്രോജക്ട് നം. - 37/23

പ്രോജക്ടിന്റെ പേര് - വിവിധ കുടിവെള്ള പദ്ധതികളുടെ മോട്ടോർ മാറ്റി സ്ഥാപിക്കൽ

നിർവഹണം -സെക്രട്ടറി

അടങ്കൽ - 400000 (കേന്ദ്രാവിഷ്കൃതഫണ്ട്)

ചെലവ്- 398971/- (ബിൽ നം. 11/23, 20.05.2022)

കരാർ നം .24/04.03.22

എം.ബുക്ക് നമ്പർ-3/21-22

വെള്ളിനേഴി ഗ്രാമപഞ്ചായത്തിലെ 8 വിവിധ കുടിവെള്ള പദ്ധതികളുടെ കേടു വന്ന മോട്ടോറുകൾ റിപ്പയർ ചെയ്ത് പുതിയത് സ്ഥാപിച്ച് കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ എൻജിനീയർ തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 2021-22 ൽ പ്രോജക്ട് രൂപീകരിച്ച് നടപ്പാക്കിയിട്ടുണ്ട്. പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ.പ്രദീപൻ എന്ന ഇലക്ട്രിക്കൽ കോൺട്രാക്ടറുടെ ടെണ്ടർ ഉറപ്പിച്ചു നൽകുകയും സെക്രട്ടറിയുമായി കരാർ വെച്ച് പ്രവൃത്തി പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്.

പ്രവർത്തിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) എം.ബുക്കിൽ മെഷർമെന്റ് തിയ്യതി രേഖപ്പെടുത്തുകയോ ഐറ്റംവൈസ് മെഷർമെന്റ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2) പ്രവൃത്തിയിലെ ഇനങ്ങളുടെ അളവുകളുടെ സംക്ഷിപ്തം എം.ബുക്കിൽ രേഖപ്പെടിത്തിയിട്ടില്ല.

3) എഗ്രിമെന്റ് വിവരം എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

4) എസ്റ്റിമേറ്റിൽ ക്രമ നം. 34 പ്രകാരം ഇനം (75 എം.എം. പിവിസി പൈപ്പ് സ്ഥാപിക്കൽ) ഉണ്ടെങ്കിലും എം.ബുക്ക് പ്രകാരം ടി ഇനം പ്രവൃത്തി നിർവ്വഹിച്ചിട്ടില്ല. 2012ലെ PWD മാന്വൽ അനുസരിച്ച് ഒരു ഇനം പൂർണ്ണമായി ഒഴിവാക്കുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യണമെങ്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിരിക്കണം. പ്രവൃത്തിയിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

5) PWD മാന്വൽ അനുസരിച്ച് എസ്റ്റിമേറ്റിൽ നിന്ന് 25 ശതമാനമോ അതിൽ കൂടുതലോ ഐറ്റംവൈസ് വർദ്ധനവ് വരുത്തണമെങ്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിരിക്കണം. ഈ വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല. ഇപ്രകാരം വ്യവസ്ഥകൾ പാലിക്കാതെ 25% ൽ അധികം വർദ്ധനവ് വരുത്തിയ ഇനങ്ങൾ ചുവടെ ചേർക്കുന്നു. അധികം ചെലവഴിച്ച തുകയുടെ വിശദവിവരം താഴെ ചേർക്കുന്നു.

| എസ്റ്റിമേറ്റ് പ്രകാരം | | | | | എം ബുക്ക് പ്രകാരം | | | |
|---|---|---|---|---|---|---|---|---|
| ക്രമ നം. | ഇനം | റേറ്റ് | എണ്ണം/ അളവ് | തുക | എണ്ണം/ അളവ് | തുക | 25% വർദ്ധനവ് വരുത്തി അനുവദിക്കാവുന്ന തുക | അധികം നൽകിയത് |
| 29 | Cast Iron Hose Collar And Clip | 2044 | 2 | 4088 | 3 | 6132 | 5110 | 1022 |
| 31 | Defective Starter | 8422 | 4 | 33688 | 6 | 50532 | 42110 | 8422 |
| 35 | 63Mm Dia PVC Pipe | 211 | 85 Mtrs | 17935 | 140 Mtrs | 29540 | 22418.75 | 7121.75 |
| 36 | 63A TPN Disconnector Fuse Switch Unit In Steel | 4474.65 | 2 | 8949 | 3 No | 13423.95 | 11186.25 | 2237.7 |
| 37 | 63A HRC Fuse | 250.49 | 9 | 2254.41 | 15 | 3757.35 | 2818.01 | 939.34 |
| 38 | 63 A 2 Way Neutral Links | 250.49 | 3 | 751.47 | 5 | 1252.45 | 939.34 | 313.11 |
| 39 | 65mmdia(2.5”) | 968 | 10 | 9680 | 16 | 15488 | 12100 | 3388 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | B Class GI PIPE | | | | | | | |
| | | | | | | | | 23443.90<br>23444/- |

മേൽ പറഞ്ഞ അപാകതകൾക്കുള്ള വിശദീകരണം അന്വേഷിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.2/08.08.2023) മറുപടിയിൽ കുടിവെള്ള ക്ഷാമം അതിരൂക്ഷമായ സമയത്താണ് പണി പൂർത്തികരിച്ചതെന്നും അടിയന്തിര ഘട്ടത്തിൽ പൂർത്തികരിച്ച പദ്ധതിയായതിനാൽ എസ്റ്റിമേറ്റ് റീവൈസ് ചെയ്യാതെ ഈ പ്രവൃത്തി 10/08/2023 തിയ്യതിയിലെ ഭരണസമിതിയുടെ 5(1) തീരുമാന പ്രകാരം സാധൂകരിച്ചിട്ടുണ്ട് എന്നുമാണ്. ഖണ്ഡികയിൽ ക്രമ നം. 5 ൽ സൂചിപ്പിച്ച പ്രകാരം റീവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാതെ 25% അധികരിച്ച് ഐറ്റംവൈസ് വർദ്ധനവ് നടത്തിയ നടപടി സാധൂകരിക്കത്തക്കതല്ല. കരാറുകാരന് അധികം നൽകിയ തുക 23444/- നിരാകരിക്കുന്നു.

ഇതു സംബന്ധിച്ച് വിശദമായി ഖണ്ഡിക 3-1ൽ ചേർത്തിട്ടുണ്ട്.

1-17 ആശ്രയ പദ്ധതി - മുഴുവൻ തുകയും വിനിയോഗിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം., പേര് | 24/23, ആശ്രയ പദ്ധതി |
| അടങ്കൽ | 300000 രൂപ (വികസന ഫണ്ട് - ജനറൽ) |
| ചെലവ് | ബിൽ നം. 08/22-23/07.12.2022, 300000 രൂപ |
| നിർവഹണം | വി ഇ ഒ |

മേൽ പദ്ധതി പ്രകാരം ആശ്രയ ഗുണഭേക്താക്കൾക്ക് ഭക്ഷ്യ കിറ്റ് വിതരണത്തിനുള്ള പഞ്ചായത്ത് വിഹിതമായ 300000 രൂപ സി ഡി എസിന്റെ അഗതി രഹിത കേരളം അക്കൗണ്ടിലേക്ക് (നം. 1536101111213, കാനറ ബാങ്ക്) മാറി നൽകിയിട്ടുണ്ട്.

പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സി ഡി എസിന്റെ അഗതി രഹിത കേരളം അക്കൗണ്ട് പരിശോധിച്ചതിൽ, ആശ്രയ ഗുണഭേക്താക്കൾക്ക് ഭക്ഷ്യ കിറ്റ് വിതരണത്തിനായി ആകെ 287640 രൂപയാണ് ചെലവഴിച്ചിട്ടുള്ളത് (ചെക്ക് നം. 066804/08.12.2023). 12360 രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്.

2. പതിനാലാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.04.2022 ലെ സ.ഉ(കൈ)നം. 84/2022/തസ്വഭവ) ഖണ്ഡിക 14 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 06/09.08.2023) സി ഡി എസിന്റെ അഗതിരഹിത കേരളം അക്കൗണ്ടിൽ വിനിയോഗിക്കാതെ ബാക്കിയുള്ള 12360 രൂപ ഈ വർഷം ഭക്ഷ്യകിറ്റ് വിതരണത്തിനായി ചെലവഴിക്കാൻ ഭരണ സമിതി തീരുമാനം എടുത്തിട്ടുണ്ടെന്നും മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. സി ഡി എസിന്റെ അഗതി രഹിത കേരളം അക്കൗണ്ടിൽ ബാക്കിയുള്ള 12360 രൂപ ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷ്യകിറ്റ് വിതരണത്തിനായി വിനിയോഗിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് മോണിറ്ററിംഗ് കമ്മിറ്റികൾ വിലയിരുത്തേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതികളുടെ ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

## 1-18 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല – തുടർ നടപടി സ്വീകരിക്കേണ്ടതാണ്

സ.ഉ(എം.എസ്)നം.362/2013 ത.സ്വ.ഭ.വ തീയതി 16.11.2013 പ്രകാരം ഗുണഭോക്താക്കൾ ഭവന നിർമ്മാണം സമയ ബന്ധിതമായി പൂർത്തിയാക്കുമെന്നും 12 വർഷത്തേക്ക് കൈമാറ്റം ചെയ്യില്ലെന്ന് കരാറിൽ ഏർപ്പെടണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാറിലെ ഖണ്ഡിക 4 പ്രകാരം കരാർ ചമച്ച് 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്നും പ്രവൃത്തി നിർവ്വഹിക്കാത്ത പക്ഷം 12% പലിശ സഹിതം കൈപ്പറ്റിയ തുക തിരിച്ചടവാക്കുന്നതാണെന്നും ഖണ്ഡിക 7 ൽ വ്യക്തമാക്കിയിട്ടുണ്ട്.

ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണം അഞ്ച് എസ് സി ഗുണഭോക്താഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.07/09.08.2023) നൽകിയ മറുപടി പട്ടികയിലെ റിമാർക്സ് കോളത്തിൽ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക | കൈപ്പറ്റാൻ ബാക്കി നിൽ ക്കുന്ന തുക | അവസാനം തുക കൈപ്പറ്റിയ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | കുഞ്ഞുമണി, S/o കൃഷ്ണൻ, തെക്കുംപുറം | 40000 | 360000 | 18.08.2021 | ഭവന നിർമ്മാണത്തിന് സഹകരികാത്തതിനാൽ റവന്യൂ റിക്കവറി നടപടിയിലൂടെ തുക ഈടാക്കുവാൻ ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട്. |
| 2 | അക്കി W/o ചങ്ങൻ, പാച്ചിലാംകോട്ട | 360000 | 40000 | 23.06.2022 | വീടിന്റെ ലിന്റൽ വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വീട് പണി പൂർത്തീകരി ക്കുന്ന മുറയ്ക്ക് ബാക്കി ഗഡുകൾ നൽകുന്ന താണെന്നുംഅറിയിച്ചിട്ടുണ്ട്. |
| 3 | സഭാവനി W/o ഗോപാലകൃഷ്ണൻ, കിഴക്കേകര കുന്ന് | 323604 | 76396 | 28.10.2022 | വീടിന്റെ മേൽക്കൂര വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും പരിശോധിച്ച് ബാക്കി ഗഡുകൾ നൽകുന്ന താണെന്നുംഅറിയിച്ചിട്ടുണ്ട്. |
| 4 | കൃഷ്ണകുമാരി, D/o കുഞ്ഞികണ്ണൻ, ചളീരിങ്ങൽ ത്തൊടി | 140000 | 160000 | 28.11.2022 | വീടിന്റെ ലിന്റൽ വരെയുള്ള പ്രവൃത്തികൾ പൂർത്തീകരി ച്ചിട്ടുണ്ടെന്നും വീട് പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് ബാക്കി ഗഡുകൾ നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. |
| 5 | സുജാത, ആശാരിതൊടി | 80000 | 320000 | 27.12.2022 | വീടിന്റെ ലിന്റൽ വരെയുള്ള പ്രവൃത്തികൾ പൂർത്തീ കരിച്ചിട്ടുണ്ടെന്നും വീട് പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് ബാക്കി ഗഡുകൾ നൽകുന്ന താണെന്നും അറിയിച്ചിട്ടുണ്ട്. |

ഓഡിറ്റ് നിർദ്ദേശം

1) ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) കുഞ്ഞുമണി, S/o കൃഷ്ണൻ, തെക്കുംപുറം എന്നവരിൽ നിന്നും പഞ്ചായത്ത് ഭരണ സമിതി തീരുമാന പ്രകാരം (നം. 16/6, തീയതി - 30.05.2023) റവന്യൂ റിക്കവറി നടപടിയിലൂടെ തുക ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-19 ഹരിത കർമ്മസേനയുടെ പ്രവർത്തനം - അവലോകനം

15.07.2017 ലെ സ.ഉ(സാധാ)നം.2420/17/തസ്വഭവ പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും 02.08.2020 ലെ സ.ഉ(സാധാ)നം.1496/2020/ തസ്വഭവ പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. വെള്ളിനേഴി ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1) ഹരിതകർമ്മസേനയുടെ രൂപീകരണം

ഗ്രാമപഞ്ചായത്ത് പ്രദേശം മാലിന്യമുക്തമാക്കുന്നതിനായി ഹരിതകർമ്മസേനയുടെ നേതൃത്വത്തിലുള്ള ശുചിത്വ പരിപാലന പ്രവർത്തനങ്ങൾ 2017 നവംബർ മാസത്തിലാണ് ആരംഭിച്ചത്. ആരംഭത്തിൽ 5 ഹരിതകർമ്മസേനാംഗങ്ങളുണ്ടായിരുന്നത്. നിലവിൽ മൂന്ന് ക്ലസ്റ്ററുകളിലായി 13 പേരാണ് മാലിന്യ പരിപാലന പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത്.

2) യൂസർഫീ ഈടാക്കൽ

വെള്ളിനേഴി ഗ്രാമപഞ്ചായത്തിൽ ആകെ 13 വാർഡുകളാണുള്ളത്. പഞ്ചായത്ത് പരിധിയിൽ സഞ്ചയയിലെ വിവരങ്ങൾ പ്രകാരം 8549 വീടുകളും 1550 ഓളം കടമുറികളുമുണ്ട്. നിലവിൽ യൂസർഫീയായി വീടുകളിൽനിന്ന് 50/- രൂപയും കടകളിൽനിന്ന് 100/- രൂപയുമാണ് ഈടാക്കുന്നത്. വേതനം, ഹരിതകർമ്മസേനയുടെ മറ്റുചെലവുകൾ എന്നിവക്കായി ഇത് ഉപയോഗിക്കുന്നു.

തൻവർഷം യൂസർ ഫീസിനത്തിൽ 429390 രൂപ വരവുണ്ട്. ഇതിൽ 386451 രൂപ ഹരിതകർമ്മസേനാംഗങ്ങളുടെ വേതനമായി നൽകിയിട്ടുണ്ട്.

ഹരിതകർമ്മസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടു പോകുന്നതിനായി പഞ്ചായത്ത് പരിധിയിലെ എല്ലാ ഗുണഭോക്താക്കളിൽ നിന്നും യൂസർ ഫീ ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

3) വയബിലിറ്റി ഗ്യാപ്പ് ഫണ്ട്

തൻവർഷം വയബിലിറ്റി ഗ്യാപ്പ് ഫണ്ട് അനുവദിച്ചിട്ടില്ല.

4) മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF)

പഞ്ചായത്തിൽ മൂന്നാം വാർഡിലുള്ള വടക്കൻ വെള്ളിനേഴിയിൽ MCF പ്രവർത്തിച്ച് വരുന്നു. വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച അജൈവമാലിന്യങ്ങൾ പഞ്ചായത്തിലെ 13 സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മിനി MCF ൽ എത്തിച്ച് താൽക്കാലികമായി സൂക്ഷിക്കുകയും പിന്നീട് MCF ലേക്ക് മാറ്റുകയുമാണ് ചെയ്യുന്നത്. ജലലഭ്യത, വൈദ്യുതീകരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ MCF ൽ സജ്ജമാക്കിയിട്ടുണ്ട്. പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണത്തിനായി ബെയ്‌ലിംഗ് യൂണിറ്റ് MCF ൽ സ്ഥാപിച്ചിട്ടുണ്ട്. ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടില്ല.

5) റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)

ആർ.ആർ.എഫ് സ്ഥാപിച്ചിട്ടില്ല. എം.സി.എഫിൽ മാലിന്യങ്ങൾ തരംതിരിച്ച് ക്ലീൻ കേരളയ്ക്ക് കൈമാറുകയാണ് ചെയ്യുന്നത്.

6) ഹരിത സഹായ സ്ഥാപനം

പഞ്ചായത്ത് ഹരിത സഹായ സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടില്ല.

7) ക്ലീൻ കേരള കമ്പനി

29.07.2020 ലെ സർക്കുലർ നം.ഡി.സി.1/282/20/തസ്വഭവ പ്രകാരം ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും, വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ക്ലീൻ കേരള കമ്പനിയുമായി എഗ്രിമെന്റിലേർപ്പെട്ടിട്ടുണ്ട്.

8) ഹരിതകർമ്മസേ നയുടെ ആവശ്യത്തി നായി തൻവർഷം നടപ്പിലാക്കിയ പദ്ധതികൾ

| ക്രമ നം. | പ്രോജക്ട് നം., പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 8/23 – ഹരിത കർമ്മസേനക്ക് ശുചീകരണ ഉപകരണങ്ങൾ | 100000 രൂപ (CFC) | 100000 രൂപ |
| 2 | 48/23 – ഹരിത കർമ്മസേനയ്ക്ക് ശുചീകരണ ഉപകരണങ്ങൾ (സ്പിൽ ഓവർ) | 55490 രൂപ (CFC) | 48689 രൂപ |
| 3 | 55/23 – പ്ലാസ്റ്റിക്ക് മാലിന്യം കയറ്റി അയയ്ക്കുന്നതിനുള്ള ചെലവുകൾ (സ്പിൽ ഓവർ) | 313739 രൂപ (CFC) | 303587 രൂപ |
| 4 | 148/23 – സ്മാർട്ട് ഗാർബേജ് ആപ്പ് | 204900 രൂപ (വികസന ഫണ്ട് - പൊതു വിഭാഗം) | 204900 രൂപ (വികസന ഫണ്ട് - പൊതു വിഭാഗം) |
| 5 | 201/23 – വാർഡുകളിലെ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ എം സി എഫിൽ എത്തിക്കുന്നതിനുള്ള വാഹന വാടക | 49900 രൂപ (CFC) | 49702 രൂപ |

9) 'ഹരിത മിത്രം' ഗാർബേജ് മോണിറ്ററിംഗ് ആപ്പ്

മാലിന്യ ശേഖരണം, സംസ്കരണം എന്നിവ ഡിജിറ്റലൈസ് ചെയ്യുന്നതിനായുള്ള 'ഹരിത മിത്രം' ഗാർബേജ് മോണിറ്ററിംഗ് ആപ്പിന്റെ പ്രവർത്തിനായി പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ക്യൂ.ആർ കോഡ് സ്റ്റിക്കറുകൾ കുടുംബശ്രീ മുഖേന പതിപ്പിച്ചിട്ടുണ്ട്. ഗാർബേജ് ആപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായുള്ള തുടർനടപടികൾ സ്വീകരി ക്കേണ്ടതാണ്.

10) ഹരിതകർമ്മസേനയുടെ കൺസോർഷ്യ അക്കൗണ്ടിലെ നീക്കിയിരിപ്പ്

ഹരിതകർമ്മസേനയുടെ 1536101110110 നമ്പർ അക്കൗണ്ടിൽ (കാനറാ ബാങ്ക്) 31.03.2023 ന് 135695 രൂപ നീക്കിയിരിപ്പുണ്ട്.

ഓഡിറ്റ് നിർദ്ദേ ശം

1. ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരി ക്കേണ്ടതാണ്.

2. എം.സി.എഫിൽ സ്ഥാപിച്ചിട്ടുള്ള ബെയ്‌ലിംഗ് മെഷീൻ പ്രവർത്തന സജ്ജമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. യൂസർ ഫീ, ഹരിതകർമ്മസേന നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് എന്നിവ ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ വരവുവെച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്. മൂന്നു തവണയിൽ കൂടുതൽ യൂസർഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4. എം.സി.എഫിൽ നിന്നും തരംതിരിച്ച് മാറ്റുന്ന അജൈവ മാലിന്യങ്ങൾ സ്ഥിരമായി നീക്കം ചെയ്യുന്നതിനുള്ള കോ-ഓർഡിനേഷൻ ശക്തമാക്കേണ്ടതാണ്.

5. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഉത്പാദിപ്പിക്കുന്ന കമ്പോസ്റ്റ്, സ്ലറി എന്നിവ കാർഷികാവശ്യത്തിന് നൽകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

6. മാലിന്യ ശേഖരണം, സംസ്കരണം എന്നിവ ഡിജിറ്റലൈസ് ചെയ്യുന്നതിനായുള്ള 'ഹരിത മിത്രം' ഗാർബേജ് മോണിറ്ററിംഗ് ആപ്പിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

7. മാലിന്യ സംസ്കരണ മേഖലയിൽ വി.ഇ.ഒ/മറ്റ് ഉദ്യോഗസ്ഥർ സർക്കാർ ഉത്തരവനുസരിച്ചുള്ള ചുമതലകൾ നിറവേറ്റുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 സബ്സിഡി മാർഗനിർദേശങ്ങളിലെ വ്യവസ്ഥകൾ പാലിക്കാതെ പ്രോജക്ടുകൾ നിർവ്വഹിച്ചിരിക്കുന്നു

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ താഴെ സൂചിപ്പിക്കുന്ന പ്രോജക്ടുകളിൽ സബ്സിഡി മാർഗ്ഗനിർദേശങ്ങളിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം., പേര് | 153/23- കറവപ്പശു വളർത്തൽ (ജനറൽ-വനിത) | 154/23- കറവപ്പശു വളർത്തൽ (പട്ടികജാതി -വനിത) |
|---|---|---|
| അടങ്കൽ, ഫണ്ട് ഇനം | 800000 (400000-വികസന ഫണ്ട്, 400000-ഗുണഭോക്തൃ വിഹിതം) | 650000 (390000-വികസന ഫണ്ട്, 260000-ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 400000 (400000 നേരിട്ട് ചെലവഴിച്ച എന്ന് രേഖപ്പെടുത്തിയതിനാൽ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല) | 390000 (260000നേരിട്ട് ചെലവഴിച്ച എന്ന് രേഖപ്പെടുത്തിയതിനാൽ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല) |
| ബിൽ വിവരം | നം. 5/12-12-2022, Rs. 200000<br>നം. 9/21-12-2022, Rs. 50000<br>നം. 14/30-12-2022, Rs. 50000<br>നം. 15/6-1-2023, Rs. 50000<br>നം. 21/20-1-2023, Rs. 50000 | നം. 4/12-12-2022, Rs. 60000<br>നം. 8/21-12-2022, Rs. 60000<br>നം. 12/30-12-2022, Rs. 90000<br>നം. 16/6-1-2023, Rs. 30000<br>നം. 32/31-3-2023, Rs. 150000 |

മേൽസൂചിപ്പിച്ച പ്രോജക്ടുകളിൽ താഴെ രേഖപ്പെടുത്തിയിട്ടുള്ള അപാകതകൾ കാണുന്നു.

1) സ.ഉ.(കൈ)നം.115/2022/തസ്വഭവ, തീയ്യതി. 28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗനിർദേശങ്ങളിൽ കറവയുള്ള പശുക്കളെ വിതരണം ചെയ്യുന്ന പ്രോജക്ടുകളിൽ പർച്ചേസിംഗ് കമ്മിറ്റി രൂപീകരിക്കണം എന്നും ഈ കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഉരുക്കളെ

വാങ്ങണമെന്നും ഉരുക്കളെ ഗുണഭോക്താക്കൾ നേരിട്ട് വാങ്ങാൻ പാടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽസൂചിപ്പിച്ച പ്രോജക്ടുകളിൽ ഗുണഭോക്താക്കൾ നേരിട്ടാണ് ഉരുക്കളെ വാങ്ങിയിട്ടുള്ളത്.

2) ഗുണഭോക്താക്കൾ നേരിട്ട് ഗുണഭോക്തൃവിഹിതം ഉരുക്കളെ നൽകിയ വിൽപ്പനക്കാരന് നൽകി എന്നാണ് നിർവ്വഹണ രേഖകളിൽ സൂചിപ്പിച്ചിട്ടുള്ളത്. ഉരുക്കളെ ഗുണഭോക്താക്കൾ നേരിട്ട് വാങ്ങാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ അടവാക്കി ആയത് വിൽപ്പന നടത്തിയ വ്യക്തിക്ക് നൽകുകയാണ് ചെയ്യേണ്ടത്. കൂടാതെ ഗുണഭോക്തൃവിഹിതം ലഭിച്ചു എന്ന രസീതി അല്ലാതെ ആയത് സാധൂകരിക്കുന്ന തെളിവുകൾ ഒന്നും ഹാജരാക്കിയിട്ടില്ല. 1000 രൂപയ്ക്ക് മുകളിലുള്ള ഇടപാടുകൾ ബാങ്ക് മുഖേനയോ ചെക്ക് മുഖേനയോ നടത്തണം എന്ന സാഹചര്യത്തിൽ നേരിട്ട് ക്യാഷ് നൽകി എന്ന രീതിയിൽ രസീതി ഹാജരാക്കിയത് ക്രമപ്രകാരമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/9-8-2023) ലഭ്യമാക്കിയ മറുപടിയിൽ പർച്ചേസിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും ഉരുക്കളെ ഒരുമിച്ച് കിട്ടാൻ ബുദ്ധിമുട്ടായതിനാൽ ഗുണഭോക്താക്കൾ അവർക്ക് പരിചയമുള്ളവരിൽ നിന്നും വാങ്ങുകയാണ് ചെയ്തത് എന്നും ഉരുക്കളെ വെറ്ററിനറി സർജൻ പരിശോധിച്ച് ഗുണനിലവാരം ഉറപ്പിച്ചിട്ടുണ്ടെന്നും സൂചിപ്പിച്ചിട്ടുണ്ട്.

ഭാവിയിൽ പ്രോജക്ടുകൾ നിർവ്വഹിക്കുമ്പോൾ സബ്സിഡി മാർഗ്ഗരേഖയ്ക്ക് അനുസൃതമായി നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-21 സബ്സിഡി മാർഗനിർദേശങ്ങളിലെ പരിശോധനാ വ്യവസ്ഥകൾ പാലിച്ചിട്ടില്ല

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ താഴെ സൂചിപ്പിക്കുന്ന പ്രോജക്ടുകളിൽ സബ്സിഡി മാർഗ്ഗനിർദേശങ്ങളിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം., പേര് | 155/23- പെണ്ണാട് വളർത്തൽ (പട്ടികജാതി വനിത) |
| അടങ്കൽ, ഫണ്ട് ഇനം | 700000 (525000-വികസന ഫണ്ട്, 175000- ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 525000 (400000 നേരിട്ട് ചെലവഴിച്ചു എന്ന് രേഖപ്പെടുത്തിയതിനാൽ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല) |

സ.ഉ(കൈ)നം.115/2022/തസ്വഭവ, തീയ്യതി. 28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗനിർദേശങ്ങളിൽ പെണ്ണാട് വിതരണം ചെയ്യുന്ന പ്രോജക്ടുകളിൽ ആടുകൾക്ക് 6-8 മാസം പ്രായമുള്ളവയായിരിക്കണം എന്നും കുറഞ്ഞത് 12 കി.ഗ്രാം എങ്കിലും ഭാരം ഉള്ളവയായിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ കാര്യങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പാക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രോജക്ടിൽ ഇപ്രകാരമുള്ള നടപടികൾ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.8/9-8-2023) ലഭ്യമാക്കിയ മറുപടിയിൽ ഇൻഷ്വറൻസ് രേഖകളിൽ ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഇനി മുതൽ ഇക്കാര്യങ്ങൾ ശ്രദ്ധിച്ച് പ്രോജക്ടുകൾ നിർവ്വഹിക്കാമെന്നും അറിയിച്ചിട്ടുണ്ട്.

ഭാവിയിൽ ഇക്കാര്യങ്ങൾ ഉറപ്പുവരുത്തി പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ഔഷധ ഗ്രാമം -തൈ വിതരണം

വെള്ളിനേഴി ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തിൽ 13 വാർഡുകളിൽ ഒന്നുവീതം ഓരോ വീടുകളിലേക്കും ഔഷധ തൈകൾ വിതരണം ചെയ്യുന്നതിന് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

പ്രോജക്ട് നം. 192/23

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ - 100000 (തനതുഫണ്ട്)

ചെലവ്- 98250/-

( തുക 92250/-ബിൽ നം. 363/23, 17.03.2023)

( തുക 6000/-ബിൽ നം. 441/23, 29.03.2023)

മേൽ സൂചിപ്പിച്ച ബിൽ പ്രകാരം കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് തൈകൾ വാങ്ങിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം ആദ്യത്തെ ഒരു വർഷം മൂന്നമാസത്തിലൊരിക്കൽ വാർഡുകളിലെ ജനപ്രതിനിധികൾ വീട്ടുകളിൽ നേരിട്ടെത്തി വളർച്ചാ ഘട്ടം വിലയിരുത്തുകയും നശിച്ച പോയവയ്ക്ക പകരം വീണ്ടും തൈ വിതരണം ചെയ്ത് ഔഷധ സസ്യങ്ങളുടെ സുസ്ഥിരമായ നിലനിൽപ്പ് ഉറപ്പവരുത്തുകയും ചെയ്യാൻ പദ്ധതി ലക്ഷ്യമിട്ടിരുന്നു.

പദ്ധതി ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് കൃത്യമായി മോണിറ്ററിംഗ് നടപടികൾ നിർവ്വഹിക്കേണ്ടതാണ്. (എൻക്വയറി നം 3/08.08.23)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വിവിധ കുടിവെള്ള പദ്ധതികളുടെ മോട്ടോർ മാറ്റി സ്ഥാപിക്കൽ-അധികം നൽകിയ തുക ഈടാക്കേണ്ടതാണ്

പ്രോജക്ട് നം. - 37/23

പ്രോജക്ടിന്റെ പേര് - വിവിധ കുടിവെള്ള പദ്ധതികളുടെ മോട്ടോർ മാറ്റി സ്ഥാപിക്കൽ

നിർവഹണം -സെക്രട്ടറി

അടങ്കൽ - 400000 (കേന്ദ്രാവിഷ്കൃത ഫണ്ട്)

ചെലവ്- 398971/- (ബിൽ നം. 11/23, 20.05.2022)

കരാർ നം .24/04.03.22

എം.ബുക്ക് നമ്പർ-3/21-22

വെള്ളിനേഴി ഗ്രാമപഞ്ചായത്തിലെ 8 വിവിധ കുടിവെള്ള പദ്ധതികളുടെ കേട്ടു വന്ന മോട്ടോറുകൾ റിപ്പയർ ചെയ്ത് പുതിയത് സ്ഥാപിച്ച് കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ എൻജിനീയർ തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 2021-22ൽ പ്രോജക്ട് രൂപീകരിച്ച് നടപ്പാക്കിയിട്ടുണ്ട്. പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ.പ്രദീപൻ എന്ന ഇലക്ട്രിക്കൽ കോൺട്രാക്ടറുടെ ടെണ്ടർ ഉറപ്പിച്ച നൽകുകയും സമയബന്ധിതമായി സെക്രട്ടറിയുമായി കരാർ വെച്ച് പ്രവൃത്തി പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്.

പ്രവർത്തിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) എം.ബുക്കിൽ മെഷർമെന്റ് തിയ്യതി രേഖപ്പെടുത്തുകയോ ഐറ്റംവൈസ് മെഷർമെന്റ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2) പ്രവൃത്തിയിലെ ഇനങ്ങളുടെ അളവുകളുടെ സംക്ഷിപ്തം എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

3) എഗ്രിമെന്റ് വിവരങ്ങൾ എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

4) എസ്റ്റിമേറ്റിൽ ക്രമ നം. 34 പ്രകാരം ഇനം (75 എം.എം. പിവിസി പൈപ്പ് സ്ഥാപിക്കൽ) ഉണ്ടെങ്കിലും എം.ബുക്ക് പ്രകാരം ടി ഇനം പ്രവൃത്തി നിർവ്വഹിച്ചിട്ടില്ല. 2012ലെ PWD മാന്വൽ അനുസരിച്ച് ഒരു ഇനം പൂർണ്ണമായി ഒഴിവാക്കുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യണമെങ്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിരിക്കണം. ഈ പ്രവൃത്തിയിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

5) PWD മാന്വൽ അനുസരിച്ച് എസ്റ്റിമേറ്റിൽ നിന്ന് 25 ശതമാനമോ അതിൽ കൂടുതലോ ഐറ്റംവൈസ് വർദ്ധനവ് വരുത്തണമെങ്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിരിക്കണം. ഈ വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല. ഇപ്രകാരം വ്യവസ്ഥകൾ പാലിക്കാതെ 25% ൽ അധികം വർദ്ധനവ് വരുത്തിയ ഇനങ്ങൾ ചുവടെ ചേർക്കുന്നു. അധികം ചെലവഴിച്ച തുകയുടെ വിശദവിവരം ഒപ്പം ചേർക്കുന്നു.

| എസ്റ്റിമേറ്റ് പ്രകാരം | | | | | എം ബുക്ക് പ്രകാരം | | | |
|---|---|---|---|---|---|---|---|---|
| ക്രമ നം. | ഇനം | റേറ്റ് | എണ്ണം/ അളവ് | തുക | എണ്ണം/ അളവ് | തുക | 25% വർദ്ധനവ് വരുത്തി അനുവദിക്കാവുന്ന തുക | അധികം നൽകിയത് |
| 29 | Cast Iron Hose Collar And Clip | 2044 | 2 | 4088 | 3 | 6132 | 5110 | 1022 |
| 31 | Defective Starter | 8422 | 4 | 33688 | 6 | 50532 | 42110 | 8422 |
| 35 | 63Mm Dia PVC Pipe | 211 | 85 Mtrs | 17935 | 140mtrs | 29540 | 22418.75 | 7121.75 |
| 36 | 63A TPN Disconnector Fuse Switch Unit In Steel | 4474.65 | 2 | 8949 | 3 No | 13423.95 | 11186.25 | 2237.7 |
| 37 | 63A HRC Fuse | 250.49 | 9 | 2254.41 | 15 | 3757.35 | 2818.01 | 939.34 |
| 38 | 63 A 2 Way Neutral Links | 250.49 | 3 | 751.47 | 5 | 1252.45 | 939.34 | 313.11 |
| 39 | 65mmdia(2.5") B Class GI PIPE | 968 | 10 | 9680 | 16 | 15488 | 12100 | 3388 |
| | | | | | | | | 23443.90<br>23444/- |

മേൽ പറഞ്ഞ അപാകതകൾക്കുള്ള വിശദീകരണം അന്വേഷിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.2/08.08.2023) മറുപടിയിൽ കുടിവെള്ള ക്ഷാമം അതിരൂക്ഷമായ സമയത്താണ് പണി പൂർത്തികരിച്ചതെന്നും അടിയന്തിര ഘട്ടത്തിൽ പൂർത്തികരിച്ച പദ്ധതിയായതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെ ടി പ്രവൃത്തി 10/08/2023 തിയ്യതിയിലെ ഭരണസമിതിയുടെ 5(1) തീരുമാന പ്രകാരം സാധൂകരിച്ചിട്ടുണ്ട് എന്നുമാണ്. ഖണ്ഡികയിൽ ക്രമ നം 5 ൽ സൂചിപ്പിച്ച പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാതെ 25% അധികരിച്ച് ഐറ്റംവൈസ് വർദ്ധനവ് നടത്തിയ നടപടി സാധൂകരിക്കത്തക്കതല്ല. കരാറുകാരന് അധികം നൽകിയ തുക 23444/- നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 05.08.2023 മുതൽ 16.08.2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2022-23 | 70000 | 66/23 – ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, മാസബത്ത | 70000 | 0 |
| ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 150000 | 66/23 – ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, മാസബത്ത | 150000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2022-23 | 125000 | 87/23 – ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ | 125000 | 0 |
| ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 100000 | 87/23 – ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ | 100000 | 0 |
| ശ്രീകൃഷ്ണപുരം | 2022-23 | 240000 | 124/23 – ലൈഫ് | 240000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | | മിഷൻ ഭവന പദ്ധതി എസ് സി | | |
| ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 80000 | 49/23 – ലൈഫ് മിഷൻ ഭവന പദ്ധതി എസ് സി (സ്പിൽ ഓവർ) | 80000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2022-23 | 511106 | 132/23 – സ്ഥിരം നെൽകൃഷി പ്രോത്സാഹനം | 511106 | 0 |
| ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 744333 | 132/23 – സ്ഥിരം നെൽകൃഷി പ്രോത്സാഹനം | 744333 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

## 4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ചത് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണ പദ്ധതി | - | 6292000 | - | 1320656 | - | 4971344 |

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 50910/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2020-21 | 3-1 | 2248 | വേണുഗോപാലൻ | 1220201097/25.06.2022 |
| 2019-20 | 3-1 | 10397 | വേണുഗോപാലൻ | 1220201102/25.06.2022 |
| 2019-20 | 3-1 | 1686 | ഗോവിന്ദൻകുട്ടി | 12202011121/27.06.2022 |

| | | | | |
|---|---|---|---|---|
| 2019-20 | 1-14 | 2000 | ഗോവിന്ദൻകുട്ടി | 1220201122/27.06.2022 |
| 2019-20 | 3-1 | 2529 | മുരളീകൃഷ്ണൻ | 1220201147/29.06.2022 |
| 2019-20 | 3-1 | 2529 | രാജു | 1220201165/30.06.2022 |
| 2021-22 | 3-1 | 10391 | വേണുഗോപാലൻ | 1220204637/02.02.2023 |
| 2019-20 | 1-11 | 840 | സെക്രട്ടറി, വടക്കൻ വെള്ളിനേഴി ക്ഷീരോത്പാദക സംഘം | 1220204955/25.02.2023 |
| 2018-19 | 1-11 | 840 | സെക്രട്ടറി, വടക്കൻ വെള്ളിനേഴി ക്ഷീരോത്പാദക സംഘം | 1220204956/25.02.2023 |
| 2019-20 | 1-11 | 1320 | സെക്രട്ടറി, വടക്കൻ വെള്ളിനേഴി ക്ഷീരോത്പാദക സംഘം | 1220204957/25.02.2023 |
| 2018-19 | 1-11 | 1080 | സെക്രട്ടറി, കുറുവട്ടൂർ ക്ഷീരോത്പാദക സംഘം | 1220204962/25.02.2023 |
| 2019-20 | 1-11 | 1080 | സെക്രട്ടറി, കുറുവട്ടൂർ ക്ഷീരോത്പാദക സംഘം | 1220204963/25.02.2023 |
| 2021-22 | 1-11 | 1080 | സെക്രട്ടറി, കുറുവട്ടൂർ ക്ഷീരോത്പാദക സംഘം | 1220204964/25.02.2023 |
| 2018-19 | 1-11 | 840 | സെക്രട്ടറി, കുളക്കാട് ക്ഷീരോത്പാദക സംഘം | 1220204965/25.02.2023 |
| 2019-20 | 1-11 | 960 | സെക്രട്ടറി, കുളക്കാട് ക്ഷീരോത്പാദക സംഘം | 1220204966/25.02.2023 |
| 2019-20 | 1-11 | 1250 | സെക്രട്ടറി, തിരുവാഴിയോട് ക്ഷീരോത്പാദക സംഘം | 1220205118/06.03.2023 |
| 2019-20 | 1-11 | 1440 | സെക്രട്ടറി, തിരുവാഴിയോട് ക്ഷീരോത്പാദക സംഘം | 1220205149/08.03.2023 |
| 2019-20 | 1-11 | 2520 | സക്കീർ | 1220205418/17.03.2023 |
| 2019-20 | 1-11 | 1440 | രാജൻ | 1220205424/17.03.2023 |
| 2019-20 | 1-11 | 2640 | ഐരാവത് ഫ്യൂവൽസ് | 1220205923/29.03.2023 |
| 2019-20 | 1-11 | 1800 | സ്റ്റെർലിംഗ് ഫ്യൂവൽസ് | 42201153/31.03.2023 |
| ആകെ | | 50910 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | | 2013-14 | 6.3 | അവലോകനം - സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടില്ല |
| 2014-15 | 2-1, 2-2 | 2016-17 | അധ്യായം 2 | തൊഴിൽ നികുതി സംബന്ധിച്ച് | പരാമർശിത തുക പഞ്ചായത്ത് ഈടാക്കിയതായി രേഖാമൂലം പഞ്ചായത്ത് ഡെ.ഡയറക്ടർ മുഖേന സമിതിയെ അറിയിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ സമിതി തീർപ്പു കല്പ്പിച്ചിട്ടില്ല. |
| 2015-16 | 2-1 | 2016-17 | അധ്യായം 2 | തൊഴിൽ നികുതി സംബന്ധിച്ച് | പരാമർശിത തുക പഞ്ചായത്ത് ഈടാക്കിയതായി രേഖാമൂലം പഞ്ചായത്ത് ഡെ.ഡയറക്ടർ മുഖേന സമിതിയെ അറിയിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ സമിതി തീർപ്പു കല്പ്പിച്ചിട്ടില്ല. |
| 2017-18 | 3-20 | 2018-19 | 4.2.1 | അനുകരണീയ മാതൃകകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടില്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വിശദാംശങ്ങൾ | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | ₹13705763 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹27935170 |
| ആകെ | ₹41640933 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹26696413 |
| നീക്കിയിരിപ്പ് | ₹14944520 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 23444 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 23444 | ശ്രീമതി.കെ.അജിത, സെക്രട്ടറി |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല.

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി.കെ.അജിത, സെക്രട്ടറി | റിട്ടയർ ചെയ്തു | മോഹിനിവിള പുത്തൻവീട്, പാറക്കോട് പി.ഒ, ഏഴംകുളം, പത്തനംതിട്ട മൊബൈൽ- 9947284241 |

4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ

| വർഷം | ഈ കാര്യാലയത്തിൽ നിന്നും അവസാനം നൽകിയ കത്തിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 96-97 | കെ.എസ്.എ-പി.കെ.ഡി 114/2022, 23.11.2022 | 0 |
| 97-98 | കെ.എസ്.എ-പി.കെ.ഡി 110/2022, 23.11.2022 | 2 |
| 98-99 | കെ.എസ്.എ-പി.കെ.ഡി 112/2022, 23.11.2022 | 0 |
| 1999-2000 | കെ.എസ്.എ-പി.കെ.ഡി 113/2022, 23.11.2022 | 0 |
| 2000-2001 | കെ.എസ്.എ-പി.കെ.ഡി 111/2022, 23.11.2022 | 1 |
| 2001-02 | - | 0 |
| 2002-03 | കെ.എസ്.എ-പി.കെ.ഡി 101/2022, 23.11.2022 | 2 |
| 2003-04 | കെ.എസ്.എ-പി.കെ.ഡി 104/2022, 23.11.2022 | 3 |
| 2004-05 | കെ.എസ്.എ-പി.കെ.ഡി | 3 |

| | | |
|---|---|---|
| | 102/2022, 23.11.2022 | |
| 2005-06 | കെ.എസ്.എ-പി.കെ.ഡി 103/2022, 23.11.2022 | 5 |
| 2006-07 | കെ.എസ്.എ-പി.കെ.ഡി 161/2022, 23.11.2022 | 1 |
| 2007-08 | കെ.എസ്.എ-പി.കെ.ഡി 161/2022, 23.11.2022 | 3 |
| 2008-09 | കെ.എസ്.എ-പി.കെ.ഡി 162/2022, 23.11.2022 | 4 |
| 2009-10 & 2010-11 | കെ.എസ്.എ-പി.കെ.ഡി 163/2022, 23.11.2022 | 5 |
| 2011-12 | കെ.എസ്.എ-പി.കെ.ഡി 297/2022, 23.11.2022 | 7 |
| 2012-13 | കെ.എസ്.എ-പി.കെ.ഡി-12 455/2022, 23.11.2022 | 1 |
| 2013-14 &2014 | കെ.എസ്.എ-പി.കെ.ഡി-12 455/2022, 23.11.2022 | 4 |
| 2015-16 | കെ.എസ്.എ-പി.കെ.ഡി-12 455/2022, 23.11.2022 | 10 |
| 2016-17 | കെ.എസ്.എ-പി.കെ.ഡി-12 455/2022, 23.11.2022 | 7 |
| 2017-18 | കെ.എസ്.എ-പി.കെ.ഡി-12 -512/2022, 23.11.2022 | 8 |
| 2018-19 | കെ.എസ്.എ-പി.കെ.ഡി-12 /513/2022, 23.11.2022 | 5 |
| 2019-20 | കെ.എസ്.എ-പി.കെ.ഡി-12 /1522/22, 08.07.2022 | 10 |
| 2020-21 | കെ.എസ്.എ-പി.കെ.ഡി-12 /1523/22, 08.07.2022 | 8 |
| 2021-22 | കെ.എസ്.എ-പി.കെ.ഡി-12 /158/23, 25.03.2023 | 24 |

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 27-06-2023 and submitted on 06-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Vellinezhi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vellinezhi Grama Panchayat for the year 2022-2023

Date: 18/10/2023

Deputy Director
District Office Palakkad
Kerala State Audit Department

**Audit Report appended to the Audit Certificate of Vellinezhi Grama Panchayat for the Year 2022-2023.**

**1.Major Observations**

1.Non Disclosure of Assets-Assets not classified and valuated and accounted-Asset Register has not updated

**2.Other Observations**

1.Ratios not submitted as part of Annual Finance Statement of 2022-23

2.cash flow statement- Net increase/decrease in cashflow doesnot match with the difference between the opening balance and closing balance of cash and cash equivalents

3.The documents to verify the depreciation not produced

4. The details of capital contributions not produced for verification.

5. The expenditure not recorded in proper head

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## വാർഷിക ധനകാര്യ പത്രിക-വിവിധ പത്രികകൾ

| INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3924914.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 17000.00 |
| 140000000 | Fee & User Charges | I-4 | 539165.00 |
| 150000000 | Sale & Hire Charges | I-5 | 102053.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 111348141.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 298481.00 |
| 180000000 | Other Income | I-9 | 51639.00 |
| 190000000 | Prior Period Income | I-19 | 15069.00 |
| | Total Income | | 116281393.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 8946014.00 |
| 220000000 | Administrative Expenses | I-11 | 806914.00 |
| 230000000 | Operations & Maintenance | I-12 | 1496289.00 |
| 240000000 | Interest & Finance Charges | I-13 | 1227.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5864687.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 24591762.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 12585420.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 23090910.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 32860820.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1335852.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 6302647.00 |
| | Total Expenditure | | 117882542.00 |
| | Gross Surplus / Deficit of income over Expenditure | | -1601149.00 |
| | Gross Surplus / Deficit of income over Expenditure | | -946569.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -669649.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | -654580.00 |

| RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 13705763.00 |
| Cash | Cash | RP-40(a) | 0.0 |

| | | | |
|---|---|---|---|
| | Operating | | |
| 110000000 | Tax Revenue | RP-1 | 1023060.00 |
| 130000000 | Rental income from Panchayat Properties | RP-3 | 17000.00 |
| 140000000 | Fees & User Charges | RP-4 | 418792.00 |
| 150000000 | Sale & Hire Charges | RP-5 | 102053.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 11090000.00 |
| 171000000 | Interest Earned | RP-9 | 298481.00 |
| 190000000 | Prior Period Income | RP-11 | 14569.00 |
| 220000000 | Administrative Expenses | RP-13 | 0.0 |
| 230000000 | Operations & Maintenance | RP-14 | 0.0 |
| 311000000 | Earmarked Funds | RP-28 | 1527.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 11195341.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 3330228.00 |
| 460000000 | Loans, Advances and Deposits | RP-49 | 62200.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 51639.00 |
| 340000000 | Deposits Received | RP-33 | 24656.00 |
| 350000000 | Other Liabilities | RP-35 | 305624.00 |
| | Grand total | | 41640933.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 36537.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 24545.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 4041064.00 |
| 460000000 | Loans, Advances and Deposits | RP-49 | 87000.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 43120.00 |
| 350000000 | Other Liabilities | RP-35 | 22464147.00 |

| | | | |
|---|---|---|---|
| | Closing Balance | | |
| Bank | Bank | RP-40(b) | 14915003.00 |
| Cash | Cash | RP-40(b) | 29517.00 |
| | Grand Total | | 41640933.00 |

| BALANCE SHEET | | | |
|---|---|---|---|
| As on 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -17248320.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 11670.00 |
| 312000000 | Reserves | B-3 | 75698359.00 |
| | Total Reserve & Surplus | | 58461709.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7228148.00 |
| | Total Grants, Contributions for Specific Purposes | | 7228148.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 4971344.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 4971344.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 464998.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3143265.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 3608263.00 |
| | TOTAL LIABILITIES | | 74269464.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 597412.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 445809.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 32143501.00 |

| | | | |
|---|---|---|---|
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 46040927.00 |
| 416000000 | Accumulated Depreciation | B-11(a) | -30581225.00 |
| | Total Fixed Assets | | 48646424.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 4041064.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 4971344.00 |
| 450000000 | Cash and Bank Balance | B-17 | 14944520.00 |
| 460000000 | Loans, Advances and Deposits | B-18 | 1666112.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 25623040.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 74269464.00 |

DEPUTY DIRECTOR